കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-316/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477-2252753
email: ddhglfalpy@gmail.com

തീയതി. 14.05.2020

ഡെപ്യൂട്ടിഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എ.എൽ.പി/പി1-316/2020 തീയതി: 14.05.2020

**ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് 2018-19**
**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-01-2019 മുതൽ 31-12-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.01.2020 മുതൽ<br>22.01.2020 വരെ | ശ്രീ.സാബു.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. റോയ്. ടി.എം.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ.കെ.ബി., ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.ജോർജ്മാത്യു, പഞ്ഞിമരം | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.ആഷ്ലി നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.മോളി അലക്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ.മാത്യു.കെ.എം | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.മിനി ജയിംസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.സന്തോഷ് കുമാരി ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ആനി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. സെറിൻ സേവ്യർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിന്ധു ജിങ്ക ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | വി.ഇ.ഒ തെക്കേക്കര | ശ്രീ.രാജേഷ്.എസ്.ജെ | 01.04.2018 മുതൽ 31.03.19 വരെ |
| | വി.ഇ.ഒ. ചമ്പക്കുളം | ശ്രീമതി.ബോബിമോൾ.കെ.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കെ.ആദർശ്. | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.സ്മിത.എം.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജീവൻകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | ഹെഡ് മിസ്ട്രസ്സ് (ഗവ.എൽപി.എസ്.) | ശ്രീമതി.മിനി തങ്കപ്പൻ | 02.05.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബിന്ദുമോൾ.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജയന്തി ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സിനി.എസ്.നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം -1 | | |
| 1 | 1-1 മുതൽ 1-12 വരെ | ബജറ്റ് |
| 2 | 1-13 | തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ |
| 3 | 1-14 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ |
| 4 | 1-15 | മൊബൈൽ ടവർ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം |
| 5 | 1-16 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ |
| 6 | 1-17 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് |
| 7 | 1-18 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഗ്യാരണ്ടി ഉറപ്പാക്കാതെ വാങ്ങുന്നു. |
| 8 | 1-19 | തനത് ഫണ്ട് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആക്കി മാറ്റി. |
| 9 | 1-20 | നെടുമുടി കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ്-ലക്ഷങ്ങൾ ചെലവാക്കി-പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്നില്ല - |
| 10 | 1-21 | വ്യക്തിഗത കുടിവെള്ള കണക്ഷൻ തുക മാറി നൽകിയത് സംബന്ധിച്ച് |
| 11 | 1-22 | ക്ഷീര കർഷകർക്ക് കറവപ്പശു വിതരണം |
| 12 | 1-23 | ലൈഫ് മിഷൻ (എസ്സ് സി)നാളിതുവരെ പണി ആരംഭിച്ചില്ല. |
| 13 | 1-24 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം 33/2019)– പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 14 | 1-25 | അഗതി രഹിതം (ആശ്രയ) പദ്ധതി – ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതി നിർജ്ജീവം. |
| 15 | 1-26 | അങ്കണവാടികളിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിൽ. |
| 16 | 1-27 | പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഡയസും ടേബിളും നിർമ്മാണം-ചെയ്ത പ്രവർത്തിയുടെ അളവ് അധികം രേഖപ്പെടുത്തി തുക നൽകി-നഷ്ടം- 4579/- |
| 17 | 1-28 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല-നഷ്ടം -3250/-രൂപ - |
| 18 | 1-29 | പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തിക്ക് പിഴ കുറവായിഈടാക്കി -നഷ്ടം- 14992/-രൂപ |
| 19 | 1-30 | KWAയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. - |
| 20 | 1-31 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ- |

| | | |
|---|---|---|
| 21 | 1-32 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം. |
| 22 | 1-33 | കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല - |
| ഭാഗം -2 | | |
| 23 | 2-1 | തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ |
| ഭാഗം -3 | | |
| 24 | 3-1 | ക്ഷീര കർഷകർക്ക് കറവപ്പശു വിതരണം- |
| 25 | 3-2 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല-നഷ്ടം -3250/-രൂപ - |
| 26 | 3-3 | പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തിക്ക് പിഴ കുറവായിഈടാക്കി -നഷ്ടം- 14992/-രൂപ |
| 27 | 3-4 | പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഡയസും ടേബിളും നിർമ്മാണം-ചെയ്ത പ്രവർത്തിയുടെ അളവ് അധികം രേഖപ്പെടുത്തി തുക നൽകി-നഷ്ടം- 4579/- |
| 28 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | അനുബന്ധം-1 | |
| 30 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 12-03-2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 119282036 | 118665736 |
| വാർഷിക കണക്ക് പ്രകാരം | 50670302 | 50552251 |

**1-2 വാർഷിക ധനകാര്യപത്രിക.**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 25.04.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം**

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 7814291.00 |
| വരവ് | 50670302.00 |
| ആകെ | 58484593.00 |

| | |
|---|---|
| ചെലവ് | 50552251.00 |
| നീക്കിയിരിപ്പ് | 7932342.00 |

**1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)**

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11850877 | 11850877 | 11522119 | 328758 |
| എസ്.സി. പി | 0 | 3153000 | 3153000 | 2462700 | 690300 |
| ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സി.എഫ്.സി | 0 | 7265293 | 7265293 | 3829737 | 3435556 |
| കെ. എൽ.ജി. എസ്.ഡി.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 2764000 | 2764333 | 2466458 | 297542 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3171000 | 3171000 | 3171000 | 0 |

**1-6 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 131 | 76470958 | 105 | 33905810 | 3 | 23 | 80 |

**1-7 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 106436 | 727224 | 833660 | 745266 | 88394 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 33031222 | 33031222 | 33031222 | 0 |
| ആകെ | 106436 | 33758446 | 33864882 | 33776488 | 88394 |

**1-8 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 124560 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 12817200 | 1083 |
| വിധവാപെൻഷൻ | 4974700 | 413 |
| വാർദ്ധക്യകാലപെൻഷൻ | 9432100 | 885 |
| വികലാംഗപെൻഷൻ | 2721300 | 220 |

| | | |
|---|---|---|
| അവിവാഹിതപെൻഷൻ | 398800 | 33 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 30,000 | 01 |

**1-9** **ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന13-01-2020 2.55 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1799/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-10** **ആഭ്യന്തര നിയന്ത്രണം**

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ലൈസൻസ് എടുക്കുന്നതിന് പഞ്ചായത്തിനെ സമീപിക്കുന്നവരിൽ നിന്ന് മാത്രം ലൈസൻസ് ഫീ ഈടാക്കുന്ന സമ്പ്രദായം ആണ് നിലവിൽ ഉള്ളത്. പഞ്ചായത്തിൽ വ്യാപാരം നടത്തുന്ന എല്ലാ സ്ഥാപന ഉടമകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി പെർമനന്റ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല.

2. താരതമ്യേന വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പുതിയ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചകളോ, അഭിപ്രായങ്ങളോ ഉണ്ടാകുന്നില്ല.

**3.**ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6.പ്രളയ ഭീഷണി കാര്യമായി നേരിടുന്ന ഈ പഞ്ചായത്തിൽ 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയം മൂലം കമ്പ്യൂട്ടർ, ഫർണിച്ചർ തുടങ്ങി നിരവധി ആസ്തികൾക്കാണ് നാശ നഷ്ടം ഉണ്ടായത്. ആസ്തികളുടെ സംരക്ഷണം വളരെ അനിവാര്യമായ ഈ പഞ്ചായത്തിൽ ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

7. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2019 | 10-2019 വരെ | 09/12/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/03/2016 | 2010-11 മുതൽ 2014-15 വരെ | 04/10/2016 |

**1-12 വാർഷികകണക്കിലെ അപാകതകൾ**

കെ.എസ്.എ-എ.എൽ.പി - പി1-459/2019, തീ.24.06.2019 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2018-19 ലെ ഓഡിറ്റ് സാക്ഷ്യപത്രത്തിലെ അപാകതകളൊന്നും തന്നെ പരിഹരിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് തുക 33776488/- രൂപയാണ്. എന്നാൽ അക്രഡിറ്റഡ് എഞ്ചിനീയർ ഓഡിറ്റ് വേളയിൽ ഹാജരാക്കിയ കണക്ക് പ്രകാരം ആകെ ചെലവ് 34557715/- രൂപയാണ്.

## 1-13 തൊഴിൽ /സ്ഥാപന നികതി പിരിവിൽ അപാകതകൾ

**1) തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്)

**2)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

| ക്രമ നം. | പേര്,ഉദ്യോഗപ്പേര്, സ്ഥാപനം | വരുമാനം/ അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ആന്റണി.പി.ജോസഫ്, സ്വീപ്പർ | 132852/- (1 & 2) | 1250/- 1250/- | 1000/- 1000/- | 250/- 250/- |
| 2 | അർച്ചന. ആർ. (ഓ.എ)സിഎച്ച്സി, ചമ്പക്കുളം | 126750/- (1) | 1250/- | 1000/- | 250/- |
| | | | ആകെ | | 750/- |

**3) സ്ഥാപന നികുതി അടവാക്കിയിട്ടില്ല**

കേരള കാർഷിക ഗ്രാമീണ വികസന ബാങ്ക് (കാഡ്) 2018-19 രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന നികുതി 1250/- രൂപ അടവാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 റേഷൻ കടകളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (തീ. 20.01.2020)

മുകളിൽ സൂചിപ്പിച്ച വിഷയങ്ങളിന്മേൽ വിശദീകരണങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 13 ന് (തീ. 20.01.2020) നൽകിയ മറുപടിയിൽ ഇവരിൽ നിന്ന് എത്രയും വേഗം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**4) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല**

താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഇവരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്ത് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1) മനോജ് കുമാർ ടി.ജി. തോണ്ടം പറമ്പിൽ

2) ജോസഫ് ജോസഫ് , നീലിമ

3) തോമസ്സ് വർഗീസ്, കൊല്ലം കുളം

4) എം.എം. തോമസ്സ് മറപ്പാട് ഹൗസ്

5) തോമസ്സ് ജോസഫ്, കൊച്ചുമുണ്ടക്കൽ

6) സജീഷ് . ടി എസ്സ്, തോണിപ്പറമ്പ്

7) ജോസഫ്. എ.ജെ., എതിരേറ്റ് ഹൗസ്

8) ജോഷി വർഗ്ഗീസ്, ചെട്ടിയാട്

9) ശ്യാം കുമാർ. വി.ജി, വൊക്കാലംതറ

10) സിജു. വി., പുത്തൻചിറ

11)വരുൺ രാജ്, വിരുവിൽ

12) എം.പി. തോമസ്സ്, മംഗലശ്ശേരി

13) തോമസ്സ് തോമസ്സ്, മുണ്ടൻത്താഞ്ഞിലിയിൽ

## 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ഓരോ സാമ്പത്തിക വർഷത്തെയും ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ സംബന്ധിച്ച സമഗ്രമായ വിവരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കുറച്ച് വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിലും ബാക്കി സോഫ്റ്റ്വയറിലും മറ്റ് വിവരങ്ങൾ ഫയലിലും എന്ന രീതിയിലാണ് പരിശോധനക്ക് ലഭ്യമാകുന്നത്. ആകെ അപേക്ഷകൾ, പെർമിറ്റ് അനുവദിച്ചവ, നിരസിച്ചവ, റഗുലറൈസേഷനുള്ള അപേക്ഷകൾ, ഒടുക്കിയ ഫീസ്, പെർമിറ്റ് അനുവദിച്ച തിയതി,പെർമിറ്റ് കാലാവധി, റഗുലറൈസേഷൻ ഫീസ് എന്നിങ്ങനെ പെർമിറ്റ് സംബന്ധമായ അടിസ്ഥാന വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. കെട്ടിട നിർമ്മാണ അപേക്ഷകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. നിരസിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നുമില്ല.
മേൽ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവർ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം

പഞ്ചായത്ത് പരിധിയിൽ ആകെ 5 മൊബൈൽ ടവറുകൾ ഉള്ളതിൽ 4 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി ഈടാക്കുന്നത്. ബി.എസ്.എൻ.എൽ മൊബൈൽ ടവറിന് 2009 മുതൽ വസ്തുനികുതി കുടിശ്ശികയുണ്ട്. പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചതായിട്ടാണ് ഓഡിറ്റ് എൻക്വയറി (7/തീയതി.17.01.2020) ന് മറുപടി ലഭ്യമാക്കിയത്. കേസ് നടപടികളുടെ പുരോഗതി വിലയിരുത്തി, നികുതി ഈടാക്കാൻ ശ്രമിക്കേണ്ടതാണ്. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

**1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല**

ഗ്രാമപഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. തന്മൂലം എല്ലാ വ്യാപാരികളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത് ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനിടവരുത്തും. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്തെങ്കിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. എല്ലാ വ്യാപാര സ്ഥാപനങ്ങളെ കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനും അവരെ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**2.ലൈസൻസ് ഫീസിൽ പിഴ ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 236, 1996 ലെ കേരളാ പഞ്ചായത്ത് രാജ് ഫാക്ടറി/വ്യാപാര /സംരംഭ/സേവനങ്ങൾ ലൈസൻസ് നൽകൽ ചട്ടങ്ങളിൽ ചട്ടം 10 എന്നിവ പ്രകാരം നിജപ്പെടുത്തിയ സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണമെന്നും ചട്ടം 19 ൽ വൈകി സമർപ്പിക്കുന്ന അപേക്ഷകരിൽ നിന്നും 25% അധിക ഫീസ് ഈടാക്കാമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത കാലാവധിക്കുശേഷം ലൈസൻസ് പുതുക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച അപേക്ഷകരിൽ നിന്നും ചട്ടപ്രകാരം അധിക ഫീസ് ഈടാക്കിയിട്ടില്ല.

**ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു**

| ക്രമ നം | വാർഡ് നം | അപേക്ഷകന്റെ പേര് | അപേക്ഷിച്ച തീയതി |
|---|---|---|---|
| 1 | I/253 | പോൾ ഫ്രാൻസിസ് | 19.3.2019 |
| 2 | III/233 | ജോജി ചാക്കോ | 21.3.2019 |
| 3 | I/44 | ജോർജ്ജ് മാത്യു | 22/03/18 |
| 4 | IX/416 | സിബി ജോസഫ് | 22/03/18 |
| 5 | VIII/300 | തോമസ് P J | 25/03/18 |
| 6 | VIII/259 | സുരേഷ് കുമാർ K S | 26/03/18 |
| 7 | XII/125 | ത്രേസ്യാമ്മ തോമസ് | 29/03/18 |
| 8 | III/127 | രാജീവ്.P | 30/03/18 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:20, തീയതി 21-01-2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

പുതുക്കിയ ലൈസൻസ് നിയമപ്രകാരം ചട്ടം 19 ൽ നിർദ്ദേശിച്ചിട്ടുള്ള പിഴ ഇനി മുതലുള്ള ലൈസൻസ് പുതുക്കലിനു ബാധകമാക്കേണ്ടതാണ്

**3.പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കണം**

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19

വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലും നിന്ന് 500 രൂപയിൽ കുറഞ്ഞ ലൈസൻസ് ഫീ ആണ് ഈടാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ **(പട്ടിക ക്രമ നം-149)** അബ്കാരി ഷോപ്പുകൾ **(കള്ളുഷാപ്പ്) (ക്രമ നം-139),** പാൽ സൊസൈറ്റികൾ **(ക്രമ നം-132)** വിവരങ്ങളും അവ ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20) മറുപടി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232(1), 233, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

ദീർഘകാലമായി ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31/03/19 ലെ നീക്കിയിരിപ്പ് | പരാമർശം |
|---|---|---|---|---|
| 1 | എ.ഡി.സി.ബി-നെടുമുടി കുട്ടനാട് പാക്കേജ് | 4041/10/09/4 | 254583 | 14-05-2015 ലെ നീക്കിയിരുപ്പ് |
| 2 | എസ്.ബി.ഐ (സാക്ഷരത) | 5704106010 | 111541 | |
| 3 | ഫെഡറൽ ബാങ്ക് (എം.എൻ.ലക്ഷം വീട്) | 11540100171398 | 7586 | |
| 4 | ചമ്പക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- | 1256 | 240646 | |
| 5 | എസ്.ബി.റ്റി (പ്ലാൻ) | 57041065231 | 272237 | |
| 6 | ഫെഡറൽ ബാങ്ക്-swach Bharat Mission | 11540100056409 | 276352 | |

നിലവിൽ ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്ന പക്ഷം അക്കൗണ്ട് ക്ലോസ് ചെയ്ത് അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്.

### 1-18 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഗ്യാരണ്ടി ഉറപ്പാക്കാതെ വാങ്ങുന്നു.

2018-19 വർഷം മെഡിക്കൽ ഓഫീസർ ആയുർവ്വേദം നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ആശുപത്രിലേക്ക് കംപ്യൂട്ടർ പ്രിന്റർ, സ്കാനർ വാങ്ങൽ (പ്രോജക്ട് നം. S0036/19), ആയുർവ്വേദ ആശുപത്രിക്ക് ടോക്കൺ മെഷീൻ (പ്രോജക്ട് നം.- S0037/19) എന്നിങ്ങനെ 2 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയുർവ്വേദ ആശുപത്രിലേക്ക് കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത skyline computers, ചങ്ങനാശ്ശേരിയിൽ നിന്നും49900/- രൂപ ചെലവഴിച്ചും, ആയുർവ്വേദ ആശുപത്രിലേക്ക് ടോക്കൺ മെഷീൻ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത RJ Enterprises, Kottayam എന്ന സ്ഥാപനത്തിൽ നിന്നും 13000/- രൂപ ചെലവഴിച്ചും വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ, ബിൽ തുടങ്ങിയവയിലൊന്നും തന്നെ വാറന്റി സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു. എഗ്രിമെന്റ്, ബിൽ തുടങ്ങിയവയിലൊന്നും തന്നെ ഗ്യാരണ്ടി/വാറണ്ടി വിവരങ്ങൾ രേഖപ്പെടുത്താത്തതുമൂലം ടി ഉപകരണങ്ങൾക്ക് കേടു പറ്റിയാൽ സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ചെലവിൽ റിപ്പയർ ചെയ്യാൻ കഴിയാത്ത സ്ഥിതി വരുകയും ആയത് സ്ഥാപനത്തിന് ഭാവിയിൽ അധികചെലവുണ്ടാക്കുകയും ചെയ്യും. ക്വട്ടേഷനിലും,ബില്ലിലും ഗ്യാരണ്ടി/വാറന്റി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/18.01.2020) മറുപടിയായി സ്ഥാപനവുമായി ബന്ധപ്പെപ്പെട്ട് വാറന്റി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾക്ക് ഗ്യാരണ്ടി ഉറപ്പാക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

### 1-19 തനത് ഫണ്ട് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആക്കി മാറ്റി.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ സേവിംഗ്സ് ബാങ്ക് (അക്കൗണ്ട് നം-11540100220344ഫെഡറൽ ബാങ്ക് തെക്കേക്കര) 10/06/2019 തീയതി ക്ലോസ്സ് ചെയ്ത് കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം-11540200002469) ആക്കി മാറ്റി. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് ഇപ്രകാരം പലിശയില്ലാത്ത കറന്റ് അക്കൗണ്ടായി മാറ്റിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം-) ക്ക് 30.04.2019 ലെ ഇ.മെയിൽ സന്ദേശ പ്രകാരം റിസർവ്വ് ബാങ്കിന്റെ സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് കറന്റ് അക്കൗണ്ടായി മാറ്റണമെന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടർന്നു കൊണ്ട് പോകുന്നത് നിരോധിച്ചു കൊണ്ടും റിസർവ്വ് ബാങ്ക് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടന്നും ഫെഡറൽ ബാങ്ക് തെക്കേക്കര അറിയിച്ചതായി സെക്രട്ടറി മറുപടി നൽകി. ആയതിൻ പ്രകാരം 29.05.2019 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടി അ്ക്കൗണ്ട് ക്ലോസ് ചെയ്ത് കറന്റ് അക്കൗണ്ട് ആക്കി മാറ്റിയെന്നാണ് ഓഡിറ്റ് എൻക്വയറി (നം-11/18.01.2020)മറുപടിയായി അറിയിച്ചിട്ടുള്ളത്. ഇപ്പോൾ നിലനിൽക്കുന്ന തനത് ഫണ്ട് കറന്റ് അക്കൗണ്ട് പലിശ ഉറപ്പാക്കും വിധം സേവിംഗ്സ് ബാങ്ക് അക്കൗണ്ടാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-20 നെടുമുടി കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ്-ലക്ഷങ്ങൾ ചെലവാക്കി-പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്നില്ല -

പ്രൊജക്റ്റ് നം - 110/19

കരാറുകാരൻ - കെ.സന്തോഷ്.

ബിൽ നം, തീയതി, തുക - 1) 4/18-19, 22-05-18, 108763/-

2) 31/18-19, 29-01-19, 391130/-

M book – 26/16-17

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച നെടുമുടി കംഫർട്ട് സ്റ്റേഷൻ മെയിന്റനൻസ് പദ്ധതി പ്രകാരം നെടുമുടി ബോട്ട് ജെട്ടിയിൽ 500000/- രൂപ ചെലവഴിച്ച് നിലവിലുള്ള കംഫർട്ട് സ്റ്റേഷൻ അറ്റകുറ്റപ്പണി നടത്തുകയും, ഇതിനോട് ചേർന്ന് പുതുതായി ഒരു ടോയ് ലറ്റും, ഒരു റെസ്റ്റ് റൂമും നിർമ്മിക്കുകയും ടി ടോയ് ലെറ്റ്

2018-19 വർഷത്തേക്ക് ശ്രീ.തങ്കപ്പൻ നായർ എന്ന വ്യക്തി 3000/-രൂപയ്ക്ക് ലേലം ചെയ്തിരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ 16/04/2018ലെ 5(3)-ാം നമ്പർ തീരുമാനത്തിൽ ശ്രീ.തങ്കപ്പൻ നായർ ബാക്കി 1500/-രൂപ അടയ്ക്കാതിരുന്നതിനാൽ ഈ മാസം അവസാനം ബാക്കി തുക ഒടുക്കുവാൻ സമയം അനുവദിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷം ടി കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനായി പൊതുലേലം നടത്തിയതിന്റേയും നടത്തിപ്പിന്റേയും ലഭിച്ച വരുമാനത്തിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/ 20-01-2020) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ടി ടോയ് ലെറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് മാത്രമാണ് മറുപടി നല്കിയിട്ടുള്ളത്. 2019-20 വർഷം ആരുംതന്നെ ടി ടോയ് ലെറ്റ് ലേലം കൊണ്ടിട്ടില്ലായെന്നും, ബോട്ടുജെട്ടിയിലെ ജീവനക്കാരും പ്രദേശവാസികളും ഇത് ഉപയോഗിക്കുന്നുണ്ടെന്നുമാണ് എക്സ്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചിട്ടുള്ളത്. താരതമ്യേന തനതു വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ വികസന ഫണ്ടിൽ നിന്നും ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച ഈ ടോയ് ലെറ്റിന്റെ സംരക്ഷണം ഉറപ്പാക്കി തുടർ വർഷങ്ങളിലെങ്കിലും പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വ്യക്തിഗത കുടിവെള്ള കണക്ഷൻ തുക മാറി നൽകിയത് സംബന്ധിച്ച്

പ്രൊജക്റ്റ് നം. 007/18-19

അടങ്കൽ 100000/-

ചെലവ് 59792/-

ബിൽ നം.

6/18-19/08-02-19 10000/-

7/18-19/27-03-19 40000/-

8/18-19/29-03-19 5000/-

9/18-19/29-03-19 4792/-

നിർവ്വഹണം വിഇഓ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ ആകെ 12 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മുകളിൽ കാണിച്ചിട്ടുള്ള ബിൽ നമ്പറുകൾ പ്രകാരം ട്രഷറിയിൽ നിന്നും അതേ വർഷം തുകയും മാറി നൽകിയതായി ബിൽ ബുക്കിൽ ട്രഷറി ഓഫീസർ രേഖപ്പെടുത്തിയിട്ടുണ്ട്. (ബിൽ നം.7/18-19/27-03-19) എന്നാൽ 8 ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യം 40,000/- രൂപ. (8x5000) അവർക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ വീണ്ടും 2019-20 സാമ്പത്തിക വർഷത്തിൽ മാറി നൽകിയതായി കാണുന്നു. ഒരേ ആവശ്യത്തിനായി, ഒരേ ഗുണഭോക്താക്കൾക്ക്, രണ്ടു തവണ, രണ്ടു സാമ്പത്തിക വർഷങ്ങളിലായി തുകകൾ മാറി നൽകിയതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം -14 ന് മറുപടി നൽകിയിട്ടുണ്ട്. 27-03-2019 ൽ നൽകിയ 40,000/- രൂപയുടെ 7/18-19 നമ്പർ ബിൽ പാസ്സായതായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയത് ട്രഷറിയിൽ നിന്നും സംഭവിച്ച തെറ്റാണെന്നും, ആയതിനാലാണ് ഈ സാമ്പത്തിക വർഷം ഇത്തരത്തിലൊരു ചെലവ് സ്പിൽ ഓവറായി വന്നതെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മങ്കൊമ്പ് സബ് ട്രഷറി ഓഫീസർക്ക് പരാതി നൽകിയിട്ടുണ്ടെന്നും വിഇഓ അറിയിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്നും സംഭവിച്ച പിശകു മൂലം പഞ്ചായത്തിന് വികസനഫണ്ടിനത്തിൽ ലഭിച്ച 40,000/- രൂപ 2018-19ൽ നഷ്ടമായി. വിവരം ക്ഷേമകാര്യ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ക്ഷീര കർഷകർക്ക് കറവപ്പശു വിതരണം

പ്രൊജക്റ്റ് നം. 039/18-19

അടങ്കൽ 3,57,500/-

ചെലവ് 3,57,500/-

ബിൽ നം.

1/18-19/29-11-18, 2,20,000/-

5/18-19/11-02-19, 1,37,500-

നിർവ്വഹണം: വെറ്ററിനറി സർജൻ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 13 ഗുണഭോക്താക്കൾക്ക് 27500/- രൂപ പ്രകാരം ആകെ 357500/- രൂപ കറവപശു വിതരണം ചെയ്യുന്നതിന് ചെലവഴിച്ചു. ഇതിൽ ഉൾപ്പെട്ട ശ്രീമതി.ലില്ലിക്കുട്ടി, കൈതക്കളത്തിൽ, (വാർഡ് നം.11), ശ്രീ.ഗ്രിഗറി ജോസഫ്, (വാർഡ് നം.11) എന്നീ ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ അംഗീകാരം വാങ്ങി നൽകാമെന്ന ഉറപ്പിന്മേൽ ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഇവർക്ക് പശുവിനെ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിലും ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടില്ല. അതുപോലെ വിതരണം നടത്തിയ 13 പശുക്കളിൽ 10 എണ്ണത്തിന്റേയും ഇൻഷ്വറൻസ് കാലാവധി 2019 ഡിസംബർ മാസത്തിൽ (04/12/19) പൂർത്തിയായതായി കാണുന്നു. കരാർ പ്രകാരം തുടർച്ചയായ 3 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് എടുത്തു കൊള്ളാമെന്ന് ക്ഷീരകർഷകർ കരാർ വെച്ചിട്ടുള്ളതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം -16 ന് ഹാജരാക്കിയ മറുപടിയിൽ പഞ്ചായത്തിലെ 11, 12 എന്നീ വാർഡുകളിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശാനുസരണം ശ്രീമതി.ലില്ലിക്കുട്ടി, ശ്രീ.ഗ്രിഗറി ജോസഫ് എന്നിവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും, 2019-2020 ലെ ഗ്രാമസഭയിൽ ഇതിന് അംഗീകാരം വാങ്ങി നൽകി കൊള്ളാമെന്നും കമ്മറ്റി അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അതു പോലെ കറവപ്പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള പരമാധികാരം ഗ്രാമസഭയ്ക്കുമാത്രമാണ്. ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയാൽ അവരെ തൊട്ടടുത്ത ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ ഗ്രാമസഭയിലും ടി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് അനർഹമായി നൽകിയ ആനുകൂല്യം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (27500 x 2 = 55000)

## 1-23 ലൈഫ് മിഷൻ (എസ്സ് സി)നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.

പ്രൊജക്റ്റ് നം. 008/18-19

അടങ്കൽ 24,00,000/-

ചെലവ് 8,02,600/-

ബിൽ നം.

9/18-19/10-01-19, 40,000/-

നിർവ്വഹണം - - വിഇഒ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ എസ്സ് സി വിഭാഗത്തിൽ ഉൾപ്പെട്ട 6 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ ബിൽ നം. 9/18-19/10-01-19 പ്രകാരം 40,000/- രൂപ മുൻകൂറായി കൈപ്പറ്റിയ ശ്രീമതി.കനകലത, അഞ്ചിൽച്ചിറ എന്ന ഗുണഭോക്താവ് ഓഡിറ്റ് തീയതി വരെ പണി ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം -15 ന് ലഭിച്ച മറുപടിയിൽ, 2020 ജനുവരി വരെ ടിയാൾ പണി ആരംഭിച്ചിട്ടില്ലായെന്നും, 2020 ജനുവരി 31 നകം പണി ആരംഭിച്ച് അടിത്തറ പൂർത്തീകരിക്കണമെന്ന് ഗുണഭോക്താവിനെ നേരിൽ കണ്ട് അറിയിച്ചിട്ടുണ്ടെന്നും. എത്രയും വേഗം പണി പൂർത്തീകരിക്കാനാവശ്യമായ നടപടികളെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷത്തിനു ശേഷവും പണിയൊന്നും തന്നെ തുടങ്ങാതിരുന്നതിനും, അതിന്മേൽ ഇന്നേ വരെ നടപടികളൊന്നും എടുക്കാതിരുന്നതിനും പ്രത്യേകിച്ച് ഒരു കാരണവും മറുപടിയിൽ പറഞ്ഞിട്ടില്ല. പ്രവർത്തി എത്രയും വേഗം ആരംഭിക്കേണ്ടതും, പണി പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ക്ഷേമകാര്യ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-24 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം 33/2019)– പ്രവൃത്തി പൂർത്തീകരിച്ചില്ല.

കേരള വാട്ടർ അതോറിറ്റി മുഖേന 35ൽ പാലം മുതൽ വെണ്ണിലേത്തറ എസ്.സി കോളനി വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിക്ഷേപ പ്രവൃത്തിയായി തയ്യാറാക്കിയ പദ്ധതിയാണിത്. ഇതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 4,56,800/- രൂപ (ബിൽ നം 04/15.11.2018) തിരുവല്ല പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള കാനറാ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചമച്ച കരാറിൽ (നം 01/2018-19/ 14.11.2018) പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നോ എപ്പോൾ പൂർത്തീകരിക്കുമെന്നോ വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള 4,56,800/- രൂപ 15.11.2018ൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം കൈമാറിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ 4,56,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-25 അഗതി രഹിതം (ആശ്രയ) പദ്ധതി – ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതി നിർജ്ജീവം.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അഗതി രഹിത പദ്ധതിയ്ക്ക് (ആശ്രയ) വിഹിതം നൽകുന്നതിനായി (പ്രോജക്ട് നം 11/2019) ഒരു ലക്ഷം രൂപ സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് 25.10.2018ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട്. സി.ഡി.എസിന് കൈമാറിയ ടി തുക എന്ത് ആവശ്യത്തിനാണ് വിനിയോഗിക്കേണ്ടതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ അഗതി ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ച ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും 2018 മുതൽ 2021 വരെയുള്ള കാലയളവിലേയ്ക്കുള്ള ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ അഗതി രഹിതം പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും പുതിയ ഡി.പി.ആർ പ്രകാരം ആശ്രയ കുടുംബങ്ങൾക്കുള്ള വീടുൾപ്പെടെയുള്ള ആനുകൂല്യം അനുവദിക്കുന്നതിന് വികസനഫണ്ടിൽ നിന്നും 58,16,000 രൂപ വകയിരുത്തിയാൽ മാത്രമേ അഗതി രഹിത ഗ്രാമം എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുകയുള്ളുവെന്നും അതിനാലാണ് തുക കൈമാറിയതെന്നുമാണ് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചത്.

2018ലെ പ്രളയാനന്തരം തയ്യാറാക്കി ജില്ലാമിഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 32 ഗുണഭോക്താക്കളിൽ 11 പേർക്ക് വീടും 13 പേർക്ക് വീട് മെയിന്റനൻസും 15 പേർക്ക് ടോയ് ലെറ്റും 25 പേർക്ക് കുടിവെള്ള ലഭ്യതയും ഉറപ്പാക്കുന്നതിനാണ് 58,16,000 രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 2018-19, 2019-20 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതമാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. അഗതി രഹിതം പദ്ധതിയ്ക്ക് ആവശ്യമായ വിഹിതം ഗ്രാമപഞ്ചായത്തിന് കണ്ടെത്തുവാൻ സാധിക്കുകയില്ലായെന്നിരിക്കെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഫണ്ട് കണ്ടെത്തി ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-26 അങ്കണവാടികളിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിൽ.

ഗ്രാമപഞ്ചായത്തിൽ 18 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 8 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം നടത്തുന്നത്. 10 അങ്കണവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. ഇതിൽ ഒരെണ്ണത്തിന് കെട്ടിടയുടമ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും 10 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തൻവർഷം പ്രോജക്ടുകളൊന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. കുട്ടനാട്ടിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളും സർക്കാർ രേഖയിൽ തണ്ണീർതടങ്ങൾ ആയതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ കഴിയുന്നില്ലായെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ വ്യക്തമാക്കിയത്. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ, ടോയ്ലെറ്റ് സൗകര്യം, ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം, കുടിവെള്ളസൗകര്യം എന്നിവ ലഭ്യമാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. 22.03.2011-ലെ സർക്കുലർ നമ്പർ.31055/ഡി.സി.2 /2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ

എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 18 അങ്കണവാടികളും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-27 പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഡയസും ടേബിളും നിർമ്മാണം-ചെയ്ത പ്രവർത്തിയുടെ അളവ് അധികം രേഖപ്പെടുത്തി തുക നൽകി-നഷ്ടം- 4579/-

പ്രൊജക്റ്റ് നം - 118/19

കരാറുകാരൻ - സജിമോൻ.ഇ.ബി.

ബിൽ നം, തീയതി, തുക - 1) 59/18-19, 20-03-19, 202804/-

M book – 67/17-18

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പദ്ധതി പ്രകാരം പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഒരു ഡയസും, പ്ലാറ്റ് ഫോമും മെമ്പർമാർക്കായി 6 ടേബിളുകളും നിർമ്മിച്ചിട്ടുണ്ട്. അളവുപുസ്തകം ഇനം 1 ആയി നിർവ്വഹിച്ചിട്ടുള്ള പ്ലാറ്റ് ഫോം നിർമ്മാണത്തിന് 20923/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. അളവുപുസ്തകം പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അളവ് 2400mm 1450mm 150mm ആണ്. 17-01-2020 ൽ നടത്തിയ ഭൗതിക പരിശോധനയിൽ സപ്ലൈ ചെയ്തിട്ടുള്ള പ്ലാറ്റ് ഫോമിന്റെ അളവ് 2400mm 1000mm 150mm മാത്രമാണെന്ന് കണ്ടു. 2400mm 1450mm 150mm അളവിലുള്ള ഒരു പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിന് കൊടുത്തിട്ടുള്ള സാധനസാമഗ്രികളുടെ അളവും, വിലയും പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം ഉള്ളത് ചുവടെ ചേർക്കുന്നു. (specification code – od209668/217-2018)

| code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | 19mm stuctural plywood grade IS 10701 | Sqm. | 6.66200 | 1626 | 10832.41 |
| MR | 0.8mm thick laminate | Sqm. | 0.83500 | 538 | 449.23 |
| 13.85.1 | Rate as per item number 13.85.1of SH. Finishing | Sqm. | 3.48000 | 33.10 | 115.20 |
| 13.61.1 | Rate as per item number 13.61.1of SH. Finishing | Sqm. | 3.48000 | 67.5 | 234.90 |
| MR | Adhesive, srews,nails etc. | L.S | 1.00000 | 750.00 | 750.00 |
| MR | Rent of Tools,blade, etc. | L.S | 1.00000 | 200.00 | 200.00 |
| 0111 | Carpeder 1st class | Day | 8.00000 | 487.00 | 3896.00 |
| MR | Synthetic Carpet | Sqm. | 3.48000 | 591.80 | 2059.46 |
| | | | | Total | 18537.20 |
| | | | | Cost for one Each | 18537.20 |

| | |
|---|---|
| 0.8mm thick laminate,Synthetic Carpet എന്നിവ നിർവ്വഹിക്കാത്തതിനാൽ അവയുടെ വിലയിനത്തിലുള്ള 449.23 +2059.46 = 2508.69 കുറവ് ചെയ്തതിന് ശേഷം. | 16028.51 |
| Add water charge@1% | 160.28 |
| Add CP&OH@15% | 2404.27 |
| Cost Index 54.9% | 2331.11 |
| Total With Cost Index | 20924.1 |

അനുവദനീയമായ അളവ് ചുവടെ ചേർക്കുന്നു.

2400mm 1450mm 150mm അളവിൽ 3.48$m^2$ അളവിൽ ഡയസ് നിർമ്മി

ക്കുന്നതിനാവശ്യമായ പ്ലൈവുഡിന്റെ അളവ് = 6.662$m^2$

2400mm 1000mm 150mm അളവിൽ 2.40$m^2$ അളവിൽ ഡയസ് നിർമ്മി

ക്കുന്നതിനാവശ്യമായ പ്ലൈവുഡിന്റെ അളവ് = $\frac{6.662m^2 \times 2.4m^2}{3.48m^2} = 4.59m^2$

അധികം ഉപയോഗിച്ച പ്ലൈവുഡിന്റെ അളവ്, തുക = 6.662$m^2$ – 4.59$m^2$ = 2.072 $m^2$ x 1626 = 3369.00

Labour = $\frac{3896 \times 2.4m^2}{3.48m2}$ = 2686/-

3896-2686= 1210/-

ഒട്ടാകെ അധികം ചെലവഴിച്ചത് = 3369.00 + 1210 = 4579/-

തുക അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/20-01-2020) ലഭിച്ചിട്ടുള്ള മറുപടിയിൽ പ്ലാറ്റ് ഫോമിന്റെ വീതിയിൽ ഉള്ള കുറവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് തുക അധികം നൽകിയതെന്നും, ആയത് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ തിരികെ ഒടുക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അധികം ചെലവഴിച്ച 4579/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 1-28 ടാർ വീപ്പയുടെ വില ഈടാക്കിയില്ല-നഷ്ടം -3250/-രൂപ -

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില യഥാർത്ഥത്തിൽ കുറവ് ചെയ്യേണ്ടതിനേക്കാൾ കുറച്ച് രേഖപ്പെടുത്തി അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം./തുക | കുറച്ച തുക | കുറവ് |
|---|---|---|---|
| വാർഡ് 8-ൽ കണ്ടങ്കരി റോഡ് മുതൽ നല്ലാത്ര വരെ റോഡ് ടാറിംഗ് -<br>പ്രൊജക്റ്റ് നം - 84/18-19<br>കരാറുകാരൻ - സജീഷ്.ടി.എസ്സ്. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക -62/18-19, 20-03-19, 197933/-<br>ആകെമൂല്യം - 197933/-<br>M book – 37/18-19 | 621.6kg/4/1000 | 250 | 750 |
| വാർഡ് 6-ൽ കണ്ടങ്കരി പള്ളി . മുതൽ മുപ്പതിൽചിറ വരെ വഴി പുനരുദ്ധാരണം -<br>പ്രൊജക്റ്റ് നം - 63/18-19<br>കരാറുകാരൻ - സജീഷ്.ടി.എസ്സ്. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക – 1)53/18-19, 15-03-19, 217129/-<br>2)54/18-19, 15-03-19, 100000/-<br>3)55/18-19, 15-03-19, 300000/-<br>ആകെ -617129/-<br>M book – 28/18-19 | 1779.8kg/11/2750 | 250 | 2500 |
| | | ആകെ | 3250/- |

ഇപ്രകാരം തുക കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/15-01-2020) ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഈ തെറ്റ് സംഭവിച്ചതെന്നും, തുക ഈടാക്കി അടയ്ക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 3250/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 1-29 പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തിക്ക് പിഴ കുറവായിഈടാക്കി -നഷ്ടം- 14992/-രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ് എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും,എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ ടി പ്രവർത്തിക്ക് 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും

പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു. ടി സെക്ഷൻ പ്രകാരം, കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം, പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും, കരാർ തുകയുടെ 0.1% (പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി. /പൂർത്തീകരിച്ച തീയതി. | അധികം എടുത്ത ദിവസങ്ങൾ / ആഴ്ചകൾ | ഈടാക്കേണ്ട പിഴ.1% നിരക്കിൽ | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| പ്രൊജക്റ്റ് നം. 98/18.<br>(എസ്സ്.ഒ – 65/17)<br>അടങ്കൽ - 735000/-<br>ആകെ മൂല്യം- 505777/-<br>കരാറുകാരൻ- കെ.സന്തോഷ്.<br>കരാർനം./തീയതി- 1)09/AE /LSGD/CHMBKM /2016-17dt.31-01-2017<br>2).സപ്ലിമെന്ററി എഗ്രിമെന്റ് നം.1/31-03-2018<br>പൂർത്തീകരണ കാലാവധി- എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.<br>MB.No.57/18, 25/16-17.<br>ഫൈനൽ ബിൽ നം, തീയതി,തുക- 28/18-19, 1/01/2019, 220410/- | 31/07/2017(പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കരാർ തീയതി മുതൽ 6 മാസം പൂർത്തീകരണ കാലാവധിയായി അനുവദിക്കുന്നു.) | 243ദിവസങ്ങൾ/34 ആഴ്ചകൾ | 17196 | 2204 | 14992 |

പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകിയതിന് രേഖകളില്ല. പൂർത്തീകരണ തീയതി കരാർ രജിസ്റ്ററിലോ, കരാറിലോ രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ കരാറുകാരന് ടെണ്ടർ അംഗീകരിച്ചു കൊണ്ട് നൽകിയ AOC യിൽ 6 മാസം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (പ്രവർത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ പ്രവർത്തി അടിയന്തരമായി പൂർത്തീകരിക്കുവാനാവശ്യപ്പെട്ട് 09-05-2017ലും, 09-06-2017ലും കരാറുകാരന് രജിസ്റ്റേഡ് തപാലിൽ കത്തയച്ചിട്ടുണ്ട്.) കരാറുകാരിൽ നിന്നും മുഴുവൻ പിഴ ഈടാക്കാതെ 1% ഫൈൻ ഈടാക്കി തുക അനുവദിച്ചതിനും, ദീർഘീകരണത്തിനുള്ള അപേക്ഷ വാങ്ങാതെ പ്രവർത്തി പൂർത്തീകരിക്കാനനുവദിച്ചതിനും വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/21-01-2020)ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ അപേക്ഷ ഫയലിൽ സൂക്ഷിച്ചിരുന്നതാണെന്നും, ആയത് നഷ്ടപ്പെട്ടുപോയതാണെന്നും, ക്ലെറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഈടാക്കിയ പിഴ കുറഞ്ഞു പോയതെന്നും, ആയത് കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 14992/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്.

## 1-30 KWAയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. -

2018-19 വർഷത്തെ ഭരണ സമിതിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ 16.04.2018ലെ 5(4) നമ്പർ തീരുമാനമായി ചുവടെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയിൽപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്ത 1434500/-രൂപയിൽ 1123528/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നൽകി. എന്നാൽ ടി ഇനത്തിലെ സേവിംഗ്സ് തുകയായ 310972/-രൂപ തിരികെ നൽകുകയുണ്ടായില്ല. ടി തുക ഉപയോഗിച്ച് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വർക്കുകൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടത്തുവാൻ തീരുമാനിച്ചു." ഇതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത തുക ഏതു വർഷത്തെ നിക്ഷേപ മിച്ചമാണെന്നതിന്റെയും ടി തുക തിരികെ ലഭിച്ചതിന്റെയും അതിന്റെ വിനിയോഗ വിശദാംശങ്ങളുടെയും വിവരങ്ങളാരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി (6/17-01-2020) യ്ക്ക് അധികം വന്ന തുക നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും, തുക തിരികെ ലഭിക്കുന്നതിനായി 11-10-2017, 27-10-2017, 18-12-2019 എന്നീ തീയതികളിൽ വാട്ടർഅതോറിറ്റിക്ക് രജിസ്റ്റേഡ് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിക്കുകയുണ്ടായി. വാട്ടർ അതോറിറ്റിയിൽ അധികം ഡെപ്പോസിറ്റ് ചെയ്ത തുക അടിയന്തരമായി തിരികെ ഈടാക്കുകയോ, അല്ലാത്തപക്ഷം പഞ്ചായത്തിൽ തന്നെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. (2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-13 ആയി ഇത് സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-31 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ-

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 83 പ്രൊജക്ടുകളായിരുന്നു അസി. എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 50 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (60 % മാത്രം).

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4.2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയതൊഴികെയുള്ള ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്നതു പോലും സ്ഥിരം പങ്കെടുക്കുന്ന കരാറുകാർ മാത്രമാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ കാണപ്പെടുന്ന ഇത്തരം നാമമാത്രമായതും മൽസരാധിഷ്ഠിത ക്വട്ടേഷനുകളുടെ പ്രാതിനിധ്യം ഗ്രാമ പഞ്ചായത്തിന് അധിക ചെലവിന് കാരണമാകുന്നു.

5. എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

6.സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല.കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

7. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 18-01-2020) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

### 1-32 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം.

ആക്ഷൻ പ്ലാൻ പ്രകാരം 2018-19 വർഷം 947 പ്രവൃത്തികൾക്കാണ് പഞ്ചായത്തിന് അനുമതി ലഭിച്ചിരുന്നത്. ഇതിൽ സ്പിൽ ഓവർ ഉൾപ്പെടെ 195 പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അതായത് അംഗീകാരം ലഭിച്ചതിൽ കേവലം 20.5% പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കുവാൻ കഴിഞ്ഞത്. 2018ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ പ്രവൃത്തികൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്രയധികം പദ്ധതികൾ ആസൂത്രണം ചെയ്തതെന്നും എന്നാൽ ഇത്രയും പ്രവൃത്തികൾ നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം നിലവിലില്ലായെന്നും അക്രഡിറ്റഡ് എഞ്ചിനീയർ മറുപടി നൽകി. തൻവർഷം നടപ്പിലാക്കിയ പ്രവർത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം

ആകെ ചെലവ് 3,45,57,715/-

വേതനഘടകം 2,96,32,739/-

സാധനഘടകം 35,57,000/-

സ്കിൽഡ്/സെമിസ്കിൽഡ് 6,62,450/-

അഡ്മിനിസ്ട്രേറ്റീവ് ചെലവ് 7,05,526/-

തൻവർഷം തൊഴിലിനായി 119 പേർ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുൾപ്പടെ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ആകെ എണ്ണം 2335 ആണ്. ഇതിൽ 433 പേർക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തൻവർഷം തൊഴിൽ കാർഡ് കരസ്ഥമാക്കി തൊഴിലിന് അപേക്ഷിച്ച 2335 പേർക്കായി ആകെ 109742 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിലൂടെ ഒരു കുടുംബത്തിന് ശരാശരി 80.34 തൊഴിൽ ദിനങ്ങൾ നൽകുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്ത എല്ലാവർക്കും പ്രഖ്യാപിത ലക്ഷ്യമായ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-33 കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല -

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 90612/- രൂപ നിർമ്മാണ തൊഴിലാളി

ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 906/- രൂപ, നഷ്ടം സംഭവിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20-01-2020) മറുപടി ലഭിച്ചിട്ടില്ല. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും തുക തിരികെ ഈടാക്കുകയോ, തുടർവർഷം നൽകുന്ന തുകയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 തൊഴിൽ /സ്ഥാപന നികുതി പിരിവിൽ അപാകതകൾ

**1) തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്)

**2)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

| ക്രമ നം. | പേര്, ഉദ്യോഗപ്പേര്, സ്ഥാപനം | വരുമാനം/ അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ആന്റണി പി ജോസഫ്, സ്വീപ്പർ | 132852/-132852/-<br>(1&2) | 1250/-<br>1250/- | 1000/-<br>1000/- | 250/-<br>250/- |
| 2 | അർച്ചന. ആർ. (ഓ.എ) സിഎച്ച്സി, ചമ്പക്കുളം | 126750/- (1) | 1250/- | 1000/- | 250/- |
| | | | ആകെ | | 750/- |

**3)സ്ഥാപന നികുതി അടവാക്കിയിട്ടില്ല**

കാർഷിക വികസന (കാഡ്) ബാങ്ക് 2018-19 രണ്ടാം വർഷത്തെ സ്ഥാപന നികുതി 1250/- രൂപ അടവാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 റേഷൻ കടകളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച വിഷയങ്ങളിന്മേൽ വിശദീകരണങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 13 (തീ.20.01.2020) ന് നൽകിയ മറുപടിയിൽ ഇവരിൽ നിന്ന് എത്രയും വേഗം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**4)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.**

താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നു. ഇവരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്ത് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1) മനോജ് കുമാർ ടി.ജി. തോണ്ടം പറമ്പിൽ

2) ജോസഫ് ജോസഫ് , നീലിമ

3) തോമസ്സ് വർഗീസ്, കൊല്ലം കുളം

4) എം.എം. തോമസ്സ് മറപ്പാട് ഹൗസ്

5) തോമസ്സ് ജോസഫ്, കൊച്ചുമുണ്ടക്കൽ

6) സജീഷ് . ടി എസ്സ്, തോണിപ്പറമ്പ്

7) ജോസഫ്. എ.ജെ., എതിരേറ്റ് ഹൗസ്

8) ജോഷി വർഗ്ഗീസ്, ചെട്ടിയാട്

9) ശ്യാം കുമാർ. വി.ജി, വൊക്കാലംതറ

10) സിജു. വി., പുത്തൻചിറ

11)വരുൺ രാജ്, വിരുവിൽ

12) എം.പി. തോമസ്സ്, മംഗലശ്ശേരി

13) തോമസ്സ് തോമസ്സ്, മുണ്ടൻത്താഞ്ഞിലിയിൽ

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ക്ഷീര കർഷകർക്ക് കറവപ്പശു വിതരണം-

പ്രൊജക്റ്റ് നം. 039/18-19

അടങ്കൽ 3,57,500/-

ചെലവ് 3,57,500/-

ബിൽ നം.

1/18-19/29-11-18, 2,20,000/-

5/18-19/11-02-19, 1,37,500-

നിർവ്വഹണം: വെറ്ററിനറി സർജൻ

2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി.ലില്ലിക്കുട്ടി, കൈതക്കളത്തിൽ, (വാർഡ് നം.11), ശ്രീ.ഗ്രിഗറി ജോസഫ്, (വാർഡ് നം.11), എന്നീ ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ അംഗീകാരം വാങ്ങി നൽകാമെന്ന ഉറപ്പിന്മേൽ ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഇവർക്ക് പശുവിനെ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിലും ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിട്ടില്ല. അതുപോലെ വിതരണം നടത്തിയ 13 പശുക്കളിൽ 10 എണ്ണത്തിന്റേയും ഇൻഷ്വറൻസ് കാലാവധി 2019 ഡിസംബർ മാസത്തിൽ (04/12/19) പൂർത്തിയായതായി കാണുന്നു. കരാർ പ്രകാരം തുടർച്ചയായ 3 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് എടുത്തു കൊള്ളാമെന്ന് ക്ഷീരകർഷകർ കരാർ വെച്ചിട്ടുള്ളതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടതായി കാണുന്നില്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം -16 ന് വിശദീകരണം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 11, 12 എന്നീ വാർഡുകളിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശാനുസരണം ശ്രീമതി.ലില്ലിക്കുട്ടി, ശ്രീ.ഗ്രിഗറി ജോസഫ് എന്നിവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും, 2020-2021 ലെ ഗ്രാമസഭയിൽ ഇതിന് അംഗീകാരം വാങ്ങി നൽകി കൊള്ളാമെന്നും കമ്മറ്റി അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. അതു പോലെ കറവപ്പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള പരമാധികാരം ഗ്രാമസഭയ്ക്കുമാത്രമാണ്. ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയാൽ അവരെ തൊട്ടടുത്ത ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ ഗ്രാമസഭയിലും ടി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് അനർഹമായി നൽകിയ ആനുകൂല്യം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി ഗുണഭോക്താക്കൾക്കായി നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (27500x2=55000)

### 3-2 ടാർ വീപ്പയുടെ വില ഈടാക്കിയില്ല-നഷ്ടം -3250/-രൂപ -

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ്

നൽകിയിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില യഥാർത്ഥത്തിൽ കുറവ് ചെയ്യേണ്ടതിനേക്കാൾ കുറച്ച് രേഖപ്പെടുത്തി അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം./തുക | കുറച്ച തുക | കുറവ് |
|---|---|---|---|
| വാർഡ് 8-ൽ കണ്ടങ്കരി റോഡ് മുതൽ നല്ലാത്രു വരെ റോഡ് ടാറിംഗ് -<br>പ്രൊജക്റ്റ് നം - 84/18-19<br>കരാറുകാരൻ - സജീഷ്.ടി.എസ്സ്. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക -62/18-19, 20-03-19, 197933/-<br>ആകെമൂല്യം - 197933/-<br>M book – 37/18-19 | 621.6kg/4/1000 | 250 | 750 |
| വാർഡ് 6-ൽ കണ്ടങ്കരി പള്ളി മുതൽ മൂപ്പതിൽചിറ വരെ വഴി പുനരുദ്ധാരണം -<br>പ്രൊജക്റ്റ് നം - 63/18-19<br>കരാറുകാരൻ - സജീഷ്.ടി.എസ്സ്. (എസ്റ്റിമേറ്റ് നിരക്ക്)<br>ബിൽ നം, തീയതി, തുക – 1)53/18-19, 15-03-19, 217129/-<br>2)54/18-19, 15-03-19, 100000/-<br>3)55/18-19, 15-03-19, 300000/-<br>ആകെ -617129/-<br>M book – 28/18-19 | 1779.8kg/11/2750 | 250 | 2500 |
| | | ആകെ | 3250/- |

ഇപ്രകാരം തുക കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/ 15-01-2020) ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഈ തെറ്റ് സംഭവിച്ചതെന്നും, തുക ഈടാക്കി അടയ്ക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 3250/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-3 പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തിക്ക് പിഴ കുറവായിഈടാക്കി -നഷ്ടം- 14992/-രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ് എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും, എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ ടി പ്രവർത്തിക്ക് 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു. ടി സെക്ഷൻ പ്രകാരം, കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം, പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും, കരാർ തുകയുടെ 0.1% (പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത്

ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി. /പൂർത്തീകരിച്ച തീയതി | അധികം എടുത്ത ദിവസങ്ങൾ / ആഴ്ചകൾ | ഈടാക്കേണ്ട പിഴ.1% നിരക്കിൽ | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| പ്രൊജക്ട് നം. 98/18.<br>(എസ്സ്.ഒ – 65/17)<br>അടങ്കൽ - 735000/-<br>ആകെ മൂല്യം- 505777/-<br>കരാറുകാരൻ- കെ.സന്തോഷ്.<br>കരാർനം./തീയതി- 1)09/AE /LSGD/CHMBKM /2016-17dt.31-01-2017<br>2).സപ്ലിമെന്ററി എഗ്രിമെന്റ് നം.1/31-03-2018<br>പൂർത്തീകരണ കാലാവധി- എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.<br>MB.No.57/18, 25/16-17.<br>ഫൈനൽ ബിൽ നം, തീയതി,തുക- 28/18-19, 1/01/2019, 220410/- | 31/07/2017(പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കരാർ തീയതി മുതൽ 6 മാസം പൂർത്തീകരണ കാലാവധിയായി അനുവദിക്കുന്നു.) | 243ദിവസങ്ങൾ /34 ആഴ്ചകൾ | 17196 | 2204 | 14992 |

പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകിയതിന് രേഖകളില്ല. പൂർത്തീകരണ തീയതി കരാർ രജിസ്റ്ററിലോ,കരാറിലോ രേഖപ്പെടുത്തിയിട്ടുമില്ല. എന്നാൽ കരാറുകാരന് ടെണ്ടർ അംഗീകരിച്ചു കൊണ്ട് നൽകിയ AOC യിൽ 6 മാസം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (പ്രവർത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ പ്രവർത്തി അടിയന്തരമായി പൂർത്തീകരിക്കുവാനാവശ്യപ്പെട്ട് 09-05-2017ലും, 09-06-2017ലും കരാറുകാരന് രജിസ്റ്റേഡ് തപാലിൽ കത്തയച്ചിട്ടുണ്ട്.) കരാറുകാരിൽ നിന്നും മുഴുവൻ പിഴ ഈടാക്കാതെ 1% ഫൈൻ ഈടാക്കി തുക അനുവദിച്ചതിനും, ദീർഘീകരണത്തിനുള്ള അപേക്ഷ വാങ്ങാതെ പ്രവർത്തി പൂർത്തീകരിക്കാനനുവദിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/21-01-2020)ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ അപേക്ഷ ഫയലിൽ സൂക്ഷിച്ചിരുന്നതാണെന്നും, ആയത് നഷ്ടപ്പെട്ടുപോയതാണെന്നും, ക്ലെറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഈടാക്കിയ പിഴ കുറഞ്ഞു പോയതെന്നും, ആയത് കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം നൽകിയ 14992/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്.

14992/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-4 പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഡയസും ടേബിളും നിർമ്മാണം-ചെയ്ത പ്രവർത്തിയുടെ അളവ് അധികം രേഖപ്പെടുത്തി തുക നൽകി-നഷ്ടം- 4579/-

പ്രൊജക്റ്റ് നം - 118/19

കരാറുകാരൻ - സജിമോൻ.ഇ.ബി.

ബിൽ നം, തീയതി, തുക -1) 59/18-19, 20-03-19, 202804/-

M book – 67/17-18

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പദ്ധതി പ്രകാരം പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഒരു ഡയസും, പ്ലാറ്റ് ഫോമും മെമ്പർമാർക്കായി 6 ടേബിളുകളും നിർമ്മിച്ചിട്ടുണ്ട്. അളവുപുസ്തകം ഇനം 1 ആയി നിർവ്വഹിച്ചിട്ടുള്ള പ്ലാറ്റ് ഫോം നിർമ്മാണത്തിന് 20923/-രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. അളവുപുസ്തകം പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അളവ് 2400mm 1450mm 150mm ആണ്. 17-1-2020 ൽ നടത്തിയ ഭൗതിക പരിശോധനയിൽ സപ്ലൈ ചെയ്തിട്ടുള്ള പ്ലാറ്റ് ഫോമിന്റെ അളവ് 2400mm 1000mm 150mm മാത്രമാണെന്ന് കണ്ടു. 2400mm 1450mm 150mm അളവിലുള്ള ഒരു പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിന് കൊടുത്തിട്ടുള്ള സാധനസാമഗ്രികളുടെ അളവും, വിലയും പ്രൈസ് സോറ്റ് വെയർ പ്രകാരം ഉള്ളത് ചുവടെ ചേർക്കുന്നു. (specification code – od209668/217-2018)

| code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | 19mm stuctural plywood grade IS 10701 | Sqm. | 6.66200 | 1626 | 10832.41 |
| MR | 0.8mm thick laminate | Sqm. | 0.83500 | 538 | 449.23 |
| 13.85.1 | Rate as per item number 13.85.1of SH. Finishing | Sqm. | 3.48000 | 33.10 | 115.20 |
| 13.61.1 | Rate as per item number 13.61.1of SH. Finishing | Sqm. | 3.48000 | 67.5 | 234.90 |
| MR | Adhesive, srews, nails etc. | L.S | 1.00000 | 750.00 | 750.00 |
| MR | Rent of Tools, blade, etc. | L.S | 1.00000 | 200.00 | 200.00 |
| 0111 | Carpeder 1st class | Day | 8.00000 | 487.00 | 3896.00 |
| MR | Synthetic Carpet | Sqm. | 3.48000 | 591.80 | 2059.46 |
| | | | | Total | 18537.20 |
| | | | | Cost for one Each | 18537.20 |

| | |
|---|---|
| 0.8mm thick laminate, Synthetic Carpet എന്നിവ നിർവ്വഹിക്കാത്തതിനാൽ അവയുടെ വിലയിനത്തിലുള്ള 449.23 +2059.46 = 2508.69 കുറവ് ചെയ്തതിന് ശേഷം | 16028.51 |
| Add water charge@1% | 160.28 |
| Add CP&OH@15% | 2404.27 |
| Cost Index 54.9% | 2331.11 |
| Total With Cost Index | 20924.1 |

അനുവദനീയമായ അളവ് ചുവടെ ചേർക്കുന്നു.

2400mm 1450mm 150mm അളവിൽ 3.48$m^2$ അളവിൽ ഡയസ് നിർമ്മി

ക്കുന്നതിനാവശ്യമായ പ്ലൈവുഡിന്റെ അളവ് = 6.662$m^2$

2400mm 1000mm 150mm അളവിൽ 2.40$m^2$ അളവിൽ ഡയസ് നിർമ്മി

ക്കുന്നതിനാവശ്യമായ പ്ലൈവുഡിന്റെ അളവ് = $\frac{6.662m^2 \times 2.4m^2}{3.48m^2}$ = 4.59$m^2$

അധികം ഉപയോഗിച്ച പ്ലൈവുഡിന്റെ അളവ്, തുക = 6.662$m^2$ – 4.59$m^2$ = 2.072 $m^2$ x 1626 = 3369.00

Labour = $\frac{3896 \times 2.4\ m^2}{3.48m^2}$ = 2686/-

3896-2686= 1210/-

ഒട്ടാകെ അധികം ചെലവഴിച്ചത് = 3369.00 + 1210 = 4579/-

തുക അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/ 20-01-2020) ലഭിച്ചിട്ടുള്ള മറുപടിയിൽ പ്ലാറ്റ് ഫോമിന്റെ വീതിയിൽ ഉള്ള കുറവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് തുക അധികം നൽകിയതെന്നും, ആയത് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ തിരികെ ഒടുക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അധികം ചെലവഴിച്ച 4579/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-2019 | 50000 | തെങ്ങിൻതൈ വിതരണം | 50000 | 00 |
| | 2018-2019 | 579767 | ലൈഫ് പുതിയത് | 579767 | 00 |

| | | | | | |
|---|---|---|---|---|---|
| | 2018-2019 | 600000 | ലൈഫ് എസ്സ്സി | 160000 | 440000 |
| | 2018-2019 | 200000 | അങ്കണവാടി പോഷകാഹാരം | 100000 | 100000 |
| | 2018-2019 | 117000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 117000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 117000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 117000 | 00 |
| | 2018-2019 | 250000 | പാലിന് ഇൻസെന്റീവ് | 250000 | 00 |
| | 2018-2019 | 200000 | പാലിയേറ്റീവ് കെയർ | 200000 | 00 |
| | 2018-2019 | 1018404 | ലൈഫ് | 1018404 | 00 |
| | 2018-2019 | 200000 | അങ്കണവാടി പോഷകാഹാരം | 100000 | 100000 |

**4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം./തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | | 456800 | 0 | 456800 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-4 വായ്പ/ വായ്പ തിരിച്ചടവ്**

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഹഡ്കോ ലോൺ | ജിഒ(എംഎസ്)68/18 /എൽഎസ്ജിഡി<br>18-05-18 | 6760000 | 6760000 | 0 | 0 | |

**4-5 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-6 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം., ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|
| 2003-04, 3(7) | 300 | ശ്രീ.ഗോപാലകൃഷ്ണൻ | 118010100992/29/11/2018 |
| 2017-18, 2(2) | 2825 | എംഒ, ജിഎച്ച്ഡി | 118010101707/22-01-2019 |
| 2017-18, 2(2)-1 | 690 | സെക്രട്ടറി, ചമ്പക്കുളം<br>ഡയറി സൊസൈറ്റി | 118010102239/20-03-2019 |
| 2017-18, 2(2) | 1400 | മാനേജർ, മാവേലിസ്റ്റോർ | 118010102220/19-03-2019 |
| 2017-18, 2(2) | 600 | സെക്രട്ടറി, ചമ്പക്കുളം ക്ഷീരോൽപ്പാദക സഹ. സംഘം | 118010102436/30-03-19 |
| 2016-17, 2(7) | 600 | സെക്രട്ടറി, ചമ്പക്കുളം ക്ഷീരോൽപ്പാദക സഹ. സംഘം | 118010102436/30-03-2019 |

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃതറിപ്പോർട്ട് വർഷം | പരാമർശം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി | മുത്തൂറ്റ് ഫിനാൻസിന്റെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി 119010100521/22-02-19 പ്രകാരം പലിശ സഹിതം ഒടുക്കുവരുത്തിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| 2 | 2015-16 | 2-2 | 2016-17 | തൊഴിൽ നികുതി | നോട്ടീസ് അയച്ചിട്ടുണ്ട്. |
| 3 | 2016-17 | 2-6 | 2017-18 | റിസോർട്ട് വസ്തു നികുതി | ആയത് കത്ത് പ്രകാരം എ2/5111/19/21-11-19 പ്രകാരം സർക്കാരിന്റെ |

| | | | | | |
|---|---|---|---|---|---|
| | | | | | ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

**4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല.

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ)സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50670302.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50552251.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 62829.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 496800.00 |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(2) | 750.00 | | ശ്രീ.ആഷ് ലി നായർ, സെക്രട്ടറി. |
| 2-1(3) | 1250.00 | | ശ്രീ.ആഷ് ലി നായർ, സെക്രട്ടറി |
| 3-1 | | 55000.00 | ശ്രീമതി.സെറിൻ സേവ്യർ, വെറ്ററിനറി സർജൻ |
| 3-2 | | 3250.00 | ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 4579.00 | ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2000/- | 62829.00 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 40000.00 | ശ്രീമതി.ബേബിമോൾ.കെ.ബി, വി.ഇ.ഒ |

| | | |
|---|---|---|
| 1-24 | 456800.00 | ശ്രീമതി.ജയന്തി ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 496800.00 | |

**(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആഷ് ലി നായർ, സെക്രട്ടറി | സെക്രട്ടറി, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | ശ്രീവിലാസം, രാമങ്കരി.പി.ഒ,ആലപ്പുഴ |
| ശ്രീമതി.സെറിൻ സേവ്യർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | കുളങ്ങരയിൽ ഹൗസ്, കെഎസ്സ്ആർടിസി ബസ് സ്റ്റാൻഡിനു സമീപം, ആലപ്പുഴ |
| ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | നരിയിൽ ഹൗസ്, മണ്ണഞ്ചേരി.പി.ഒ, ആലപ്പുഴ. |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | എൽ എഫ് ജി എ-5-1832/11/21.1.2002 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |
| 1999-2000 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2000-01 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2001-02 | എൽ എഫ് ജി എ-5-1832/11/25.1.2002 |
| 2002-03 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2003-04 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2004-05 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2005-06 | എൽ എഫ് ജി എ-5-1832/11/31.1.2002 |

| | |
|---|---|
| 2006-07 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2007-08 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2008-09 മുതൽ 2010-11 വരെ | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2011-12 | എൽ.എഫ്.എ.പി.1/496/2014/04.07.2014 |
| 2012-13 | എൽ.എഫ്.എ.പി.1/130/15/21.04.2015 |
| 201314&2014-15 | കെ.എസ്.എ. എ.എൽ.പി.പി.1/ 1472/15/ 25.11.2015 |
| 2015-16 | കെ.എസ്.എ. എ.എൽ.പി.പി.1 |
| 2016-17 | കെ.എസ്.എ. എ.എൽ.പി.പി.1 1130/2017/11.09.2017 |
| 2017-2018 | നം.കെ.എസ്.എ-എ.എൽ.പി/പി1-61/201തീയതി, 07.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-1**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 14.05.2020

ഫോൺ: 0477 2252753

e-mail: ddhglfalpy@gmail.com

**സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ